**മധുരമായ കുട്ടികളേ - എത്രയും നിങ്ങൾ ബാബയെ ഓർമ്മിക്കുന്നുവോ അത്രയും നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടും, ആരാണോ അടിക്കടി ബാബയുടെ ഓർമ്മ മറന്ന് പോകുന്നത്, അവരാണ് നിർഭാഗ്യശാലി കുട്ടികൾ.**

**ചോദ്യം:-** സമ്പാദ്യം വർദ്ധിപ്പിക്കുന്നതിന്റെ ആധാരം എന്താണ്? ഏറ്റവും വലിയ സമ്പാദ്യം ഏതിലാണുള്ളത്?
**ഉത്തരം:-** സമ്പാദ്യം ശേഖരിക്കപ്പെടുന്നത് ദാനം ചെയ്യുന്നതിലൂടെയാണ്. എത്രത്തോളം നിങ്ങൾ മറ്റുള്ളവർക്ക് ബാബയുടെ പരിചയം നൽകുന്നോ അത്രത്തോളം സമ്പാദ്യം വർദ്ധിച്ചുകൊണ്ടിരിക്കും. മുരളിയിലൂടെയാണ് നിങ്ങളുടെ വളരെ വലിയ സമ്പാദ്യം ഉണ്ടാകുന്നത്. ഈ മുരളി കറുപ്പിൽ നിന്ന് വെളുപ്പിക്കുന്നതാണ്. മുരളിയിൽ തന്നെയാണ് ഈശ്വരീയ ഇന്ദ്രജാലമുള്ളത്. മുരളിയിലൂടെ തന്നെയാണ് നിങ്ങൾ അതിസമ്പന്നനാകുന്നത്.

**ഗീതം:-** നമുക്ക് ആ വഴികളിലൂടെ നടക്കണം.....

**ഓം ശാന്തി**. ആത്മീയ അച്ഛൻ മനസ്സിലാക്കിതന്നുകൊണ്ടിരിക്കുകയാണ് കുട്ടികൾക്ക്, അതായത് കുട്ടികൾക്ക് വീഴേണ്ടതും ജാഗരൂകരാകേണ്ടതും ഉണ്ട്. അടിക്കടി ബാബയെ മറക്കുന്നു അർത്ഥം വീഴുന്നു. ഓർമ്മിക്കുന്നു എങ്കിൽ ജാഗരൂകരാകുന്നു. മായ ബാബയുടെ ഓർമ്മ മറപ്പിക്കുന്നു കാരണം പുതിയ കാര്യമല്ലേ. ഇതുപോലെ ഒരച്ഛനേയും ഒരിക്കലും മറക്കില്ല. സ്ത്രീ ഒരിക്കലും തന്റെ പതിയെ മറക്കുന്നില്ല. നിശ്ചയം നടന്നു ബുദ്ധിയോഗം കുടുങ്ങി. മറക്കുന്ന കാര്യമേയില്ല. പതി,പതിയാണ്. അച്ഛൻ,അച്ഛനാണ്. ഇപ്പോൾ ഇതാണെങ്കിൽ നിരാകാരനായ അച്ഛനാണ്, അവരെ പ്രിയതമനെന്നും പറയുന്നു. പ്രിയതമയെന്ന് പറയുന്നത് ഭക്തരെയാണ്. ഈ സമയം എല്ലാവരും ഭക്തരാണ്. ഭഗവാൻ ഒന്നാണ്. ഭക്തരെ പ്രിയതമകളെന്നും, ഭഗവാനെ പ്രിയതമനെന്നും അല്ലെങ്കിൽ ഭക്തരെ കുട്ടികളെന്നും ഭഗവാനെ അച്ഛനെന്നും പറയുന്നു. ഇപ്പോൾ പതിമാരുടേയും പതി അഥവാ പിതാക്കൻമാരുടേയും പിതാവ് അതൊന്നാണ്. ഓരോ ആത്മാവിന്റേയും പിതാവ് അതൊരു പരമാത്മാവ് മാത്രമാണ്. ആ ലൗകീക അച്ഛൻ ഓരോരുത്തരുടേയും വേറെ-വേറെയാണ്. ഈ പാരലൗകീക പരമപിതാവ് സർവ്വ ആത്മാക്കളുടേയും പിതാവ് ഒരേഒരു ഗോഡ് ഫാദറാണ്, അവരുടെ പേരാണ് ശിവബാബ. കേവലം ഗോഡ് ഫാദർ, മൗണ്ട് അബു എന്നെഴുതിയാൽ പറയൂ കത്ത് വരുമോ? പേര് എഴുതേണ്ടേ. ഇതാണെങ്കിൽ പരിധിയില്ലാത്ത അച്ഛനാണ്. അവരുടെ പേരാണ് ശിവൻ. ശിവകാശിയെന്ന് പറയാറില്ലേ. അവിടെ ശിവന്റെ ക്ഷേത്രമുണ്ട്. തീർച്ചയായും അവിടേയും പോയിട്ടുണ്ടാകും. കാണിക്കാറില്ലേ രാമൻ ഇവിടെ പോയി, അവിടെ പേയി, ഗാന്ധി ഇവിടെ പോയി..... അതുപോലെ ശിവബാബയുടേയും ചിത്രമുണ്ട്. എന്നാൽ അത് നിരാകാരനാണ്. അവരെ അച്ഛനെന്നാണ് പറയുന്നത്, മറ്റാരെയും സർവ്വരുടെയും പിതാവെന്ന് പറയാൻ സാധിക്കില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെയും പിതാവാണവർ. അവരുടെ പേരാണ് ശിവൻ. കാശിയിലും ക്ഷേത്രമുണ്ട്, ഉജ്ജയിനിയിലും സോമനാഥന്റെ ക്ഷേത്രമുണ്ട്. ഇത്രയും ക്ഷേത്രം എന്തുകൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളത്, ആരും അറിയുന്നില്ല. ഏതുപോലെയാണോ ലക്ഷ്മീ-നാരായണന്റെ പൂജ ചെയ്യുന്നത്, പറയുന്നുണ്ട് ഇവർ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നു എന്നാൽ എപ്പോഴായിരുന്നു സ്വർഗ്ഗമുണ്ടായിരുന്നത്, ഇവർ എങ്ങനെയാണ് അധികാരികളായത്, ഇതാരും അറിയുന്നില്ല. പൂജാരി ആരുടെ പൂജയാണോ ചെയ്യുന്നത് അവരുടെ തന്നെ കർത്തവ്യത്തെക്കുറിച്ചറിയുന്നില്ലെങ്കിൽ അതിനെ അന്ധവിശ്വാസമെന്നല്ലേ പറയുക. ഇവിടെയും ബാബയെന്ന് പറയുന്നുണ്ട് എന്നാൽ പൂർണ്ണമായും അറിയുന്നില്ല. മാതാ-പിതാവിനെ അറിയുന്നില്ല. ലക്ഷ്മീ-നാരായണന്റെ പൂജാരി പൂജ ചെയ്യുന്നുണ്ട്, ശിവന്റെ ക്ഷേത്രത്തിൽ പോയി മഹിമ ചെയ്യാറുണ്ട്, പാടുന്നുണ്ട് നീ മാതാ-പിതാവാണ്.... എന്നാൽ അവർ എങ്ങനെയാണ് മാതാ-പിതാവാകുന്നത്, എപ്പോഴാണ് ആയിരുന്നത്- ഒന്നും അറിയുന്നില്ല. ഭാരതവാസി തന്നെ ശരിക്കും അറിയുന്നില്ല. ക്രിസ്ത്യാനിയും, ബൗദ്ധിയും മുതലായ എല്ലാവരും അവരുടെ ക്രിസ്തുവിനേയും ബുദ്ധനേയും ഓർമ്മിക്കുന്നുണ്ട്. നിമിഷം കൊണ്ട് അവരുടെ ജീവചരിത്രം പറയും- ക്രിസ്തു ഇന്ന സമയത്ത് ക്രിസ്തു ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ വേണ്ടി വന്നിരുന്നു. ഭാരതവാസി ആരെയെല്ലാമാണോ പൂജിക്കുന്നത്, അവരെ അറിയുകയേയില്ല അതായത് ഇവർ ആരാണെന്ന്? ശിവനേയും അറിയുന്നില്ല, ബ്രഹ്മാ-വിഷ്ണു-ശങ്കരനേയും അറിയുന്നില്ല, ജഗദംബയേയും അറിയുന്നില്ല, ജഗത് പിതാവിനേയും അറിയുന്നില്ല, ലക്ഷ്മീ-നാരായണനേയും അറിയുന്നില്ല കേവലം പൂജിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരുടെ ജീവചരിത്രം എന്താണ് എന്നൊന്നും അറിയുന്നില്ല. ബാബ ആത്മാ

ക്കൾക്കിരുന്ന് മനസ്സിലാക്കിതരികയാണ്– നിങ്ങൾ എപ്പോഴാണോ സ്വർഗ്ഗത്തിലായിരുന്നത് അപ്പോൾ നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പവിത്രമായിരുന്നു, നിങ്ങൾ രാജ്യം ഭരിച്ചിരുന്നു. നിങ്ങൾക്കറിയാം നമ്മൾ ശരിക്കും രാജ്യം ഭരിച്ചിരുന്നു, നമ്മൾ പുനർജന്മമെടുത്തു, 84 ജന്മം അനുഭവിച്ചനുഭവിച്ച് രാജ്യഭാഗ്യം നഷ്ടപ്പെടുത്തി. വെളുത്തതിൽ നിന്ന് കറുത്തതായി തീർന്നു. സുന്ദരനായിരുന്നു, ഇപ്പോൾ ശ്യാമനായിരിക്കുന്നു. ഇന്നത്തെകാലത്ത് നാരായണനെ വെളുത്തതായി കാണിക്കുന്നുണ്ടെങ്കിൽ അതിൽ നിന്ന് വ്യക്തമാകുന്നത് അതേ കൃഷ്ണൻ നാരായണനായിരുന്നു എന്നാണ്. എന്നാൽ ഈ കാര്യങ്ങളെ ഒട്ടും മനസ്സിലാക്കുന്നില്ല.

യാദവരാണ് മിസൈൽ കണ്ടുപിടിക്കുന്നവർ പിന്നെ കൗരവരും പാണ്ഡവരും സഹോദര–സഹോദരങ്ങളായിരുന്നു. അവർ ആസുരീയ സഹോദരങ്ങളും ഇവർ ഈശ്വരീയ സഹോദരങ്ങളുമായിരുന്നു. ഇവരും ആസുരീയമായിരുന്നു, ഇവരെ ബാബ ഉയർന്നതാക്കി ദൈവീക സഹോദരരാക്കി. രണ്ട് സഹോദരങ്ങൾക്കും എന്ത് സംഭവിച്ചു? തീർത്തും പാണ്ഡവർക്ക് വിജയമുണ്ടായി കൗരവർ നശിച്ചുപോയി. ഇവിടെ ഇരുന്നുകൊണ്ട് പോലും മമ്മ–ബാബയെന്ന് പറയുന്നുണ്ട് എന്നാൽ അറിയുന്നില്ല. ബാബയുടെ ശ്രീമതത്തിലൂടെ നടക്കുന്നില്ല. അറിയുന്നില്ല അതായത് ബാബ നമ്മളെ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന്. നിശ്ചയമില്ല. ദേഹ–അഭിമാനിയായതുകാരണം, ദേഹത്തിന്റെ മിത്ര സംബന്ധി മുതലായവരെ ഓർമ്മിക്കുന്നു. ഇവിടെയാണെങ്കിൽ ദേഹിയായ ബാബയെ ഓർമ്മിക്കണം. ഇത് പുതിയ കാര്യമായി. ഒരു മനുഷ്യനും മനസ്സിലാക്കി തരാൻ സാധിക്കില്ല. ഇവിടെ മാതാ–പിതാവിന്റെ അടുത്തിരുന്നിട്ട് പോലും അവരെ അറിയുന്നില്ല. ഇത് അദ്ഭുതമല്ലേ. ജന്മം തന്നെ ഇവിടെയാണ് ഉണ്ടായത്. എന്നിട്ടും അറിയുന്നില്ല. എന്തുകൊണ്ടെന്നാൽ നിരാകാരനാണ്. അവരെ ശരിയായ രീതിയിൽ മനസ്സിലാക്കാൻ സാധിക്കുന്നില്ല. അവരുടെ നിർദ്ദേശത്തിലൂടെ നടക്കുന്നില്ലെങ്കിൽ പിന്നീട് ആശ്ചര്യത്തോടെ ഓടിപ്പോകുന്നു. ആരിൽ നിന്നാണോ സ്വർഗ്ഗത്തിന്റെ 21 ജന്മങ്ങളുടെ സമ്പത്ത് ലഭിക്കുന്നത്, അവരെ അറിയാത്തതിലൂടെ ഓടിപ്പോകുന്നു. ആരാണോ ബാബയെ അറിയുന്നത് അവരെയാണ് ഭാഗ്യവാനെന്ന് പറയുന്നത്. ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നത് ഒരേഒരു ബാബ മാത്രമാണ്. ലോകത്തിൽ ദുഃഖമാണെങ്കിൽ വളരെയില്ലേ. ഇതാണ് ഭ്രഷ്ടാചാരി രാജ്യം. ഡ്രാമയനുസരിച്ച് വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം ഇങ്ങനെ തന്നെ ഭ്രഷ്ടാചാരി സൃഷ്ടിയാകും, വീണ്ടും ബാബ വന്ന് സത്യയുഗീ ശ്രേഷ്ഠാചാരി സ്വരാജ്യം സ്ഥാപിക്കും. നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയാകാൻ വന്നിരിക്കുന്നു. ഇതാണ് മനുഷ്യരുടെ ലോകം. ദേവതകളുടെ ലോകം സത്യയുഗത്തിലാണ് ഉണ്ടാകുന്നത്. ഇത് നിങ്ങൾക്ക് മാത്രമാണ് മനസ്സിലാക്കിതരുന്നത് ആരാണോ ബ്രാഹ്മണനായിട്ടുള്ളത്. ആരാണോ ബ്രാഹ്മണനായിക്കൊണ്ടിരിക്കുന്നത് അവർക്ക് മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കും. എല്ലാവരും ബ്രാഹ്മണരാകില്ല. ആര് ബ്രാഹ്മണരാകുന്നോ അവർ പിന്നീട് ദേവതയാകും. ബ്രാഹ്മണനായില്ലെങ്കിൽ ദേവതയാകാൻ സാധിക്കില്ല. ബാബാ–മമ്മാ എന്ന് വിളിച്ചുവെങ്കിൽ ബ്രാഹ്മണകുലത്തിൽ വന്നു. പിന്നീട് എല്ലാ ആധാരവും പഠിപ്പിന്റെ, പുരുഷാർത്ഥത്തിന്റെ മേലെയാണ്. ഇവിടെ രാജധാനിയാണ് സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് വേറെ ഇബ്രാഹിമോ, ബുദ്ധനോ മുതലായ ആരും രാജധാനി സ്ഥാപിക്കുന്നില്ല. ക്രിസ്തു തനിച്ചാണ് വന്നത്. ആരിലോ പ്രവേശിച്ച് ക്രിസ്ത്യൻ ധർമ്മത്തിന്റെ സ്ഥാപന ചെയ്തു പിന്നീട് ക്രിസ്ത്യൻ ധർമ്മത്തിലെ ആത്മാക്കൾ ആരെല്ലാമാണോ മുകളിലുള്ളത്, അവർ വന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ എല്ലാ ക്രിസ്ത്യൻ ആത്മാക്കളും ഇവിടെയുണ്ട്. ഇപ്പോൾ അന്തിമത്തിൽ എല്ലാവർക്കും തിരിച്ച് പോകണം. ബാബ എല്ലാവരുടേയും വഴികാട്ടിയായി എല്ലാവരേയും ദുഃഖത്തിൽ നിന്ന് മുക്തമാക്കുന്നു. ബാബ തന്നെയാണ് മുഴുവൻ മനുഷ്യ സൃഷ്ടിയുടേയും മുക്തിദാതാവും വഴികാട്ടിയും. എല്ലാ ആത്മാക്കളേയും തിരിച്ച് കൊണ്ട് പോകും. ആത്മാവ് പതിതമായത് കാരണം തിരിച്ച് പോകാൻ സാധിക്കില്ല. നിരാകാരി ലോകം പാവനമല്ലേ. ഇപ്പോൾ ഈ സാകാരി സൃഷ്ടി പതിതമാണ്. ഇപ്പോൾ ഇവരെല്ലാവരേയും ആര് പാവനമാക്കും, ആ നിരാകാരി ലോകത്തിലേക്ക് പോകാൻ? അതുകൊണ്ടാണ് വിളിക്കുന്നത് ഓ ഗോഡ് ഫാദർ വരൂ. ഗോഡ് ഫാദർ വന്ന് മനസ്സിലാക്കിതരികയാണ് ഞാൻ ഒരു പ്രാവശ്യം മാത്രമാണ് വരുന്നത്, എപ്പോഴാണോ മുഴുവൻ ലോകവും ഭ്രഷ്ടാചാരിയായി തീരുന്നത്. എത്ര വെടിയുണ്ടകളും, ബോംബുകളുമാണ് ഉണ്ടാക്കികൊണ്ടിരിക്കുന്നത് – പരസ്പരം കൊല്ലാൻ വേണ്ടി. ഒരു വശത്ത് ബോംബുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട് മറുവശത്ത് പിന്നെ പ്രകൃതിക്ഷോഭങ്ങൾ, വെള്ളപ്പൊക്കങ്ങൾ, ഭൂകമ്പങ്ങൾ മുതലായവ ഉണ്ടാകും, ഇടിമിന്നലുണ്ടാകും, രോഗങ്ങൾ പിടികൂടും, കാരണം വളമുണ്ടാകേണ്ടേ. അഴുക്കിൽ നിന്ന് തന്നെയല്ലേ വളമുണ്ടാകുന്നത്. അതുകൊണ്ട് ഈ മുഴുവൻ സൃഷ്ടിക്കും വളം വേണം അത് പിന്നീട് ഫസ്റ്റ് ക്ലാസ്സ് വിളവാകും. സത്യയുഗത്തിൽ കേവലം ഭാരതം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ബാക്കിയുള്ള ഇത്രയും നശിക്കണം. ബാബ പറയുകയാണ് ഞാൻ വന്ന് ദൈവീക രാജധാനി സ്ഥാപിക്കുകയാണ് മറ്റെല്ലാം ഇല്ലാതാകും, അങ്ങനെ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകും. സ്വർഗ്ഗത്തെ എല്ലാവരും ഓർമ്മിക്കാറില്ലേ. എന്നാൽ സ്വർഗ്ഗം എന്ന് എന്തിനെയാണ് പറയുന്നത്– ഇത് ആർക്കും അറിയില്ല. ആരെങ്കിലും മരിച്ചാൽ പറയും സ്വർഗ്ഗവാസിയായി. ഏയ്, കലിയുഗത്തിലാരെങ്കിലും മരിച്ചാൽ കലിയുഗ

ത്തിൽ തന്നെയല്ലേ ജന്മമെടുക്കുക. ഇത്ര പോലും ബുദ്ധി ആരിലും ഇല്ല. ഡോക്ടർ ഓഫ് ഫിലോസഫി എന്നെല്ലാം പേരെല്ലാം വയ്ക്കുന്നുണ്ട്, എന്നാൽ ഒരു കാര്യവും മലസ്സിലാക്കുന്നില്ല. മനുഷ്യർ ക്ഷേത്ര ത്തിലിരിക്കാൻ യോഗ്യതയുള്ളവരായിരുന്നു. അതാണ് ക്ഷീര സാഗരം, ഇതാണ് വിഷയ സാഗരം. ഈ എല്ലാ കാര്യങ്ങളും ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. മനുഷ്യരെയാണ് പഠിപ്പിക്കുക, മൃഗങ്ങളെ യല്ല പഠിപ്പിക്കുക.
ബാബ മനസ്സിലാക്കിതരികയാണ് ഈ നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. ധനവാൻമാർ എങ്ങിനെയോ അതു പോലെയായിരിക്കും അവരുടെ ഫർണിച്ചറുകളും. പാവപ്പെട്ടവന് കല്ലിന്റെ-പടിയായിരിക്കും, ധനവാന്റെ അടുത്ത് ഇത്രയും വൈഭവങ്ങൾ ഉണ്ടാകും. നിങ്ങൾ സത്യയുഗത്തിൽ ധനവാനാകുമ്പോൾ നിങ്ങളുടേത് വജ്രങ്ങളുടെയും-രത്നങ്ങളുടെയും കൊട്ടാരമായിരിക്കും. അവിടെ യാതൊരു അഴുക്കും ഉണ്ടായിരിക്കി ല്ല, ദുർഗന്ധമുണ്ടായിരിക്കില്ല. ഇവിടെയാണെങ്കിൽ ദുർഗന്ധമുള്ളതുകൊണ്ടാണ് ചന്ദനതിരി മുതലായവ കത്തിക്കുന്നത്. അവിടെയാണെങ്കിൽ പൂക്കൾ മുതലായവയിൽ പ്രകൃതിദത്ത സുഗന്ധമുണ്ടായിരിക്കും. ചന്ദനത്തിരി കത്തിക്കേണ്ട ആവശ്യം ഉണ്ടായിരിക്കില്ല, അതിനെ സ്വർഗ്ഗമെന്നാണ് പറയുക. ബാബ സ്വർഗ്ഗ ത്തിന്റെ അധികാരിയാക്കാൻ വേണ്ടിയാണ് പഠിപ്പിക്കുന്നത്. നോക്കൂ, എത്ര സാധാരണമാണ്. ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കാൻ പോലും മറന്ന് പോകുന്നു! പൂർണ്ണമായ നിശ്ചയമില്ലെങ്കിൽ മറന്ന് പോകുന്നു. ആരിൽ നിന്നാണോ സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നത്, അങ്ങനെയുള്ള മാതാ-പിതാവിനെ മറന്നുപോ കുക എത്ര നിർഭാഗ്യകരമാണ്. ബാബ വന്ന് ഉയർന്നതിലും ഉയർന്നതാക്കി മാറ്റുന്നു. ഇങ്ങനെയുള്ള മാതാ-പിതാവിന്റെ മതത്തിലൂടെ നടന്നില്ലെങ്കിൽ 100 ശതമാനം അതിനിർഭാഗ്യനെന്ന് പറയും. നമ്പർവൈസല്ലേ. പഠിത്തത്തിലൂടെ വിശ്വത്തിന്റെ അധികാരിയാകുന്നത് എവിടെ കിടക്കുന്നു, ജോലിക്കാരനും-വേലക്കാര നുമാകുന്നത് എവിടെ കിടക്കുന്നു! നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഞാൻ എത്രത്തോളം പഠിക്കു ന്നുണ്ട്. അവിടെ കേവലം ധർമ്മ പിതാക്കൻമാർ വരുന്നു ധർമ്മം സ്ഥാപിക്കുന്നതിന്, ഇവിടെ മാതാവും-പിതാവുമുണ്ട് എന്തുകൊണ്ടെന്നാൽ പ്രവൃത്തി മാർഗ്ഗമല്ലേ. പവിത്ര പ്രവൃത്തീ മാർഗ്ഗമായിരുന്നു. ഇപ്പോൾ അപവിത്ര പ്രവർത്തീ മാർഗ്ഗമാണ്. ലക്ഷ്മീ-നാരായണൻ പവിത്രമായിരുന്നു അതുകൊണ്ട് അവരുടെ സന്താ നവും പവിത്രമായിരുന്നു. നിങ്ങൾക്കറിയുമോ നമ്മൾ എന്താകുമെന്ന്? മാതാ-പിതാവ് എത്ര ഉയർന്നതാ ക്കിയാണ് മാറ്റുന്നത് അങ്ങനെയെങ്കിൽ പിൻതുടരേണ്ടതല്ലേ! ഭാരതത്തെ തന്നെയാണ് മാതാ-പിതാ രാഷ്ട്ര മെന്ന് പറയുന്നത്. സത്യയുഗത്തിൽ എല്ലാവരും പവിത്രമായിരുന്നു, ഇവിടെ പതിതമാണ്. എത്ര നല്ല രീതി യിലാണ് മനസ്സിലാക്കി തരുന്നത്, എന്നാൽ ബാബയെ ഓർമ്മിച്ചില്ലെങ്കിൽ ബുദ്ധിയുടെ പൂട്ട് അടഞ്ഞ് പോകുന്നു. കേട്ട്-കേട്ട് പഠിത്തം ഉപേക്ഷിക്കുകയാണെങ്കിൽ ബുദ്ധിയുടെ പൂട്ട് പൂർണ്ണമായും അടഞ്ഞ് പോകുന്നു. സ്കൂളിലും നമ്പർ വൈസാണ്. കല്ല്ബുദ്ധിയെന്നും പവിഴബുദ്ധിയെന്നും പറയാറുണ്ട്. കല്ല്ബുദ്ധി ഒന്നും തന്നെ മനസ്സിലാക്കില്ല, മുഴുവൻ ദിവസത്തിലും 5 മിനിട്ട് പോലും ബാബയെ ഓർമ്മിക്കുന്നില്ല. 5 മിനിട്ട് ഓർമ്മിക്കുകയാണെങ്കിൽ അത്രയും തന്നെ പൂട്ട് തുറക്കും.കൂടുതൽ ഓർമ്മിക്കുകയാണെങ്കിൽ നല്ല രീതിയിൽ പൂട്ട് തുറക്കും. മുഴുവൻ ആധാരവും ഓർമ്മയിലാണ്.
ചില-ചില കുട്ടികൾ ബാബയ്ക്ക് കത്തെഴുതാറുണ്ട് - പ്രിയ ബാബ അല്ലെങ്കിൽ പ്രിയ ദാദാ എന്ന്. ഇപ്പോൾ കേവലം പ്രിയപ്പെട്ട ദാദ എന്ന് എഴുതി പോസ്റ്റിൽ കത്തിട്ടാൽ ലഭിക്കുമോ? പേര് വേണ്ടേ! മുത്തച്ഛൻമാരും-മുത്തശ്ശിമാരും ലോകത്തിൽ അനവധിയുണ്ട്. ശരി.

ഇന്ന് ദീപാവലിയാണ്. ദീപാവലിക്ക് പുതിയ കണക്ക് വെയ്ക്കാറുണ്ട്. നിങ്ങൾ സത്യം-സത്യമായ ബ്രാഹ്മണരാ ണ്. ആ ബ്രാഹ്മണർ വ്യാപാരികളുമായാണ് പുതിയ കണക്ക് വെയ്ക്കുന്നത്. നിങ്ങൾക്കും തന്റെ പുതിയ കണക്ക് വെയ്ക്കണം. എന്നാൽ ഇത് പുതിയ ലോകത്തേക്ക് വേണ്ടിയുള്ളതാണ്. ഭക്തി മാർഗ്ഗത്തിലെ കണക്ക് പരിധിയില്ലാത്ത നഷ്ടത്തിന്റെ കണക്കാണ്. നിങ്ങൾ പരിധിയില്ലാത്ത സമ്പത്ത് നേടുന്നു, പരിധി യില്ലാത്ത സുഖ-ശാന്തി നേടുന്നു. ഈ പരിധിയില്ലാത്ത കാര്യങ്ങൾ പരിധിയില്ലാത്ത ബാബ ഇരുന്ന് മനസ്സി ലാക്കി തരുന്നു, പരിധിയില്ലാത്ത സുഖം നേടുന്ന കുട്ടികൾക്ക് മാത്രമാണ് ഈ എല്ലാ കാര്യങ്ങളും മനസ്സി ലാക്കാൻ സാധിക്കുന്നത്. ബാബയുടെ അടുത്തേക്ക് കോടിയിൽ ചിലർ മാത്രമാണ് വരുന്നത്. പോകെ-പോകെ സമ്പാദ്യത്തിൽ നഷ്ടം വരികയാണെങ്കിൽ സമ്പാദിച്ചത് പോലും ഇല്ലാതാകുന്നു. നിങ്ങളുടെ സമ്പാദ്യം അപ്പോഴാണ് വർദ്ധിക്കുന്നത് എപ്പോഴാണോ ആർക്കെങ്കിലും ദാനം നൽകുന്നത്. നിങ്ങൾ പുരു ഷാർത്ഥം ചെയ്യുകയാണ് സമ്പാദ്യം വർദ്ധിപ്പിക്കുന്നതിന്. അതപ്പോഴാണുണ്ടാകുക എപ്പോഴാണോ ആർക്കെ ങ്കിലും ദാനം ചെയ്യുന്നത്, ലാഭം പ്രാപ്തമാക്കികൊടുക്കുന്നത്. ആർക്കെങ്കിലും ബാബയുടെ പരിചയം കൊടുത്തു, സമ്പാദ്യം വർദ്ധിച്ചു. പരിചയം കൊടുക്കുന്നില്ലെങ്കിൽ സമ്പാദ്യവും വർദ്ധിക്കില്ല. നിങ്ങളുടെ സമ്പാദ്യം വളരെ-വളരെ വലുതാണ്. മുരളിയിലൂടെയാണ് നിങ്ങളുടെ സത്യമായ സമ്പാദ്യമുണ്ടാകുന്നത്, കേവലം ഇത് മനസ്സിലാകണം മുരളി ആരുടേതാണ്? ഇതും നിങ്ങൾ കുട്ടികൾക്കറിയാം ആരാണോ കറുത്ത് പോയിരിക്കുന്നത് അവർക്ക് തന്നെ വെളുക്കുന്നതിന് വേണ്ടി മുരളി കേൾക്കണം. അങ്ങയുടെ മുരളിയി

ലുണ്ട് ഇന്ദ്രജാലം, ഈശ്വരീയ ഇന്ദ്രജാലമെന്ന് പറയാറില്ലേ. ഈ ജ്ഞാനവും നിങ്ങൾക്ക് ഇപ്പോഴാണുള്ളത്. ദേവതകളിൽ ഈ ജ്ഞാനം ഉണ്ടായിരുന്നില്ല. അവരിലേ ഉണ്ടായിരുന്നില്ലെങ്കിൽ പിന്നീട് വന്നവരിൽ എങ്ങനെ ഉണ്ടാകാൻ സാധിക്കും? ശാസ്ത്രം മുതലായ എന്തെല്ലാമാണോ പിന്നീട് ഉണ്ടാകുന്നത് അതെല്ലാം ഇല്ലാതാകും. നിങ്ങളുടെ ഈ സത്യമായ ഗീതകൾ വളരെ കുറവാണ്. ലോകത്തിലാണെങ്കിൽ ആ ഗീതകൾ ലക്ഷകണക്കിനുണ്ട്. വാസ്തവത്തിൽ ഈ ചിത്രങ്ങൾ തന്നെയാണ് സത്യമായ ഗീത. എത്രത്തോളം ഈ ചിത്രങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുമോ അത്രയും ആ ഗീതയിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കില്ല. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) നല്ല രീതിയിൽ പഠിത്തം പഠിച്ച് സ്വയത്തെ ഭാഗ്യവാനാക്കണം. ദേവതയാകുന്നതിനുവേണ്ടി പക്കാ ബ്രാഹ്മണനാകണം.

2) ദേഹിയായ ബാബയെ ഓർമ്മിക്കുന്നതിനുവേണ്ടി ദേഹിയഭിമാനിയാകണം. ദേഹത്തെപോലും മറക്കുന്നതിന്റെ അഭ്യാസം ചെയ്യണം.

## വരദാനം:- സദാ സ്വയത്തെ സാരഥിയും സാക്ഷിയുമാണെന്ന് മനസ്സിലാക്കി ദേഹ-ബോധത്തിൽ നിന്ന് വേറിട്ട് കഴിയുന്ന യോഗയുക്തരായി ഭവിക്കൂ

യോഗയുക്തമായി കഴിയുന്നതിനുള്ള സരളമായ വിധിയാണ് - സദാ സ്വയത്തെ സരാഥിയും സാക്ഷിയുമാണെന്ന് മനസ്സിലാക്കി നടക്കുക. ഈ രഥത്തെ നയിക്കുന്ന ഞാൻ ആത്മാ സാരഥിയാണ്, ഈ സ്മൃതി സ്വതവേ ഈ രഥം അഥവാ ദേഹത്തിൽ നിന്ന് അല്ലെങ്കിൽ ഏതെങ്കിലും പ്രകാരത്തിലുള്ള ദേഹ-ബോധത്തിൽ നിന്ന് വേറിട്ടവരാക്കി മാറ്റുന്നു. ദേഹ-ബോധമില്ലെങ്കിൽ സഹജമായും യോഗയുക്തമാകുന്നു, ഓരോ കർമ്മവും യുക്തിയുക്തവുമാകുന്നു. സ്വയത്തെ സാരഥിയെന്ന് മനസ്സിലാക്കുന്നതിലൂടെ സർവ്വ കർമ്മേന്ദ്രിയങ്ങളും തന്റെ നിയന്ത്രണത്തിലായിരിക്കും. അവർ ഒരു കർമ്മേന്ദ്രിയത്തിനും വശപ്പെടുകയില്ല.

## സ്ലോഗൻ:- വിജയീ ആത്മാവാകണമെങ്കിൽ ശ്രദ്ധയും പരിശീലനവും - ഇതിനെ നിജ സംസ്ക്കാരമാക്കൂ.